പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3562 20/06/2019-ൽ മറുപടിയ്ക്ക്

## ഡേ കെയറുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഡേ കെയറുകളിൽ കുട്ടികൾക്ക് എതിരായ മോശം പെരുമാറ്റം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഡേ കെയറുകളിൽ കുട്ടികൾക്ക് എതിരായ മോശം പെരുമാറ്റം സംബന്ധിച്ച് 6 പരാതികൾ ലഭിച്ചിട്ടുള്ളതും ടി പരാതികൾ പ്രകാരം 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. |
| (ബി) ഡേ കെയറുകളുടെ പ്രവർത്തനം സംബന്ധിച്ച് ആഭ്യന്തര വകുപ്പ് മോണിറ്ററിംഗ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഇത്തരം മേഖലകളിൽ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥന്മാരും, അതാത് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരും ജനമൈത്രി പോലീസ് സംവിധാനത്തിലൂടെയും നിരീക്ഷണം നടത്തി വരുന്നുണ്ട്. |
| (സി) നിലവിൽ രജിസ്ട്രേഷനോ മറ്റ് മാനദണ്ഡങ്ങളോ പാലിക്കാതെ പ്രവർത്തിക്കുന്ന ഡേ കെയറുകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) നടത്തിയിട്ടില്ല. നിലവിൽ ഡേ കെയറുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് നിയമങ്ങൾ ഇല്ല. ഇത് സംബന്ധിച്ച സമഗ്രനിയമനിർമ്മാണം പരിഗണനയിലുണ്ട് |
| (ഡി) ഡേ കെയർ പരിസരങ്ങളിൽ പോലീസ് നിരീക്ഷണം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) ഡേ കെയറുകളുടെ പരിസരത്തും മറ്റും പോലീസ് നിരീക്ഷണം നടത്തിയും വാഹന പട്രോളിംഗ്, ബീറ്റ് പട്രോളിംഗ്, ജനമൈത്രി പോലീസ് എന്നിവ വഴിയും നിരീക്ഷണം ശക്തിപ്പെടുത്തിയും കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ